പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -164 17-03-2015-ൽ മറുപടിയ്ക്ക്

## ലഹരി വസ്തുക്കളുടെ ഉപഭോഗം

| ചോദ്യം: | ഉത്തരം: |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. സാജുപോൾ<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കള്ളവാറ്റും വ്യാജ ചാരായവും വ്യാജമദ്യവും വ്യാപക മായിട്ടുണ്ടോ: എങ്കിൽ ഈ സ്ഥിതി വിശേഷത്തെ ഏതെല്ലാം നിലയിൽ നേരിടാനാണ് ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് കള്ളവാറ്റും വ്യാജചാരായവും വ്യാജമദ്യവും വ്യാപകമായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ് മെന്റ് പ്രവർത്തനം നടത്തിവരുന്നു. എല്ലാ ജില്ലകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്ത നങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായ് സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കു ന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെ യുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും കടത്ത് കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽ കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോ ധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡു കളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തു വരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | നിയമാനുസൃതവും അല്ലാതെയുമുള്ള വിവിധ മദ്യങ്ങളുടെയും ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിൽ സാരമായ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ; | (ബി) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി സംസ്ഥാനത്തെ വിവിധ ഔട്ട് ലെറ്റുകളിലൂടെ വിറ്റ നിയമാനുസൃത മദ്യത്തിന്റെ കണക്ക് പ്രകാരം വിദേശമദ്യം, ബിയർ എന്നിവയുടെ വിൽപ്പനയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ട്.<br>2013 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2014-ൽ എക്സൈസ് വകുപ്പ് കണ്ടെത്തിയ എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013-ൽ 793 എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ 2014-ൽ മുൻവർഷത്തെക്കാൾ അധികമായി 177 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനാൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | അംഗീകൃത ഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം തിട്ടപ്പെടുത്തൽ സാദ്ധ്യമാണോ ; | (സി) | അംഗീകൃത ഷോപ്പുകളുടെയും ബാറുകളുടെയും വില്പന മാത്രം അടിസ്ഥാനമാക്കി മദ്യപാനികളുടെ യഥാർത്ഥ ഉപഭോഗം തിട്ടപ്പെടുത്തൽ അയഥാർത്ഥമായിരിക്കും. |
| (ഡി) | കള്ളവാറ്റിനെയും സ്പിരിറ്റിനെയും സെക്കന്റ്സ് മദ്യങ്ങളേയും ആശ്രയിക്കുന്ന മദ്യപാനികളുടെ എണ്ണം സംസ്ഥാനത്തെങ്ങും പതിന്മടങ്ങ് | (ഡി) | കള്ളവാറ്റ്, സ്പിരിറ്റ്, വ്യാജമദ്യങ്ങൾ എന്നിവ കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസുകൾ എടുക്കുന്നുണ്ടെങ്കിലും ഇത്തരത്തിലുള്ള വ്യാജങ്ങളെ ആശ്രയിക്കുന്ന മദ്യപാനി |

| | | | |
|---|---|---|---|
| | വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകളിലേയ്ക്ക് ശ്രദ്ധപതിപ്പിച്ചിട്ടുണ്ടോ; ഈ വർഷം ഇതിനകം എത്ര വ്യാജമദ്യ നിർമ്മാണ യൂണിറ്റുകൾ എക്സൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചിട്ടുള്ളതും, സാമൂഹ്യ വിരുദ്ധ ശക്തികളുടെ പ്രധാന വരുമാനമാർഗ്ഗമായി മാറിയിട്ടുള്ളതും അറിയാമോ? | | കളുടെ എണ്ണം സംസ്ഥാനത്തെങ്ങും പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഈ വർഷം 24 വ്യാജമദ്യ നിർമ്മാണ യൂണിറ്റുകൾ എക്സൈസ് വകുപ്പ് കണ്ടുപിടിച്ച് അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചിട്ടുള്ളതായോ, സാമൂഹ്യവിരുദ്ധ ശക്തികളുടെ പ്രധാന വരുമാനമാർഗ്ഗമായി മാറിയിട്ടുള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ